കുവൈത്ത് കേരള ഇസ് ലാഹി സെൻറർ
ഖുർആൻ & ഹദീസ് ലേണിംഗ് വിഭാഗം
ഖുർആൻ വിജ്ഞാന പരീക്ഷ – ഘട്ടം 44

Reg No:

Time: 1 Hr

സൂറഃ അൻആം 91 – 129

Marks: 50

## I. ശരിയുത്തരം തെരഞ്ഞെടുക്കുക

1. ഈ സൂറത്തിലെ പ്രധാന പ്രതിപാദ്യ വിഷയങ്ങൾ എന്ത്?
☐ തൗഹീദ്, ശിർക്ക് ☐ **തൗഹീദ്, പരലോകം** ☐ മരണം, ശിർക്ക്

2. സൃഷ്ടികൾക്ക് പരലോകത്തു വെച്ച് അല്ലാഹുവിനെ കാണുവാൻ സാധ്യമല്ലെന്ന് വാദിച്ച കക്ഷികൾ ആര്?
☐ ശിയാക്കൾ ☐ ഖദ് രിയാക്കൾ ☐ **മുഅ്തസിലിയാക്കൾ**

3. بَصِيرَةٌ എന്നതിൻറെ ബഹുവചനം എന്ത്?
☐ بَصِيرٌ ☐ **بَصَائِرُ** ☐ أَبْصَارٌ

4. "ഈ ഖുർആൻ ഈ രണ്ടു രാജ്യങ്ങളിലെ ഒരു മഹാനായ ആൾക്ക് എന്തുകൊണ്ട് അവതരിക്കപ്പെട്ടില്ല എന്ന് മുശ് രിക്കുകൾ ചോദിച്ചു" ഏതാണ് ഈ രണ്ടു രാജ്യങ്ങൾ?
☐ **മക്ക, ത്വാഇഫ്** ☐ മക്ക, മദീന ☐ ത്വാഇഫ്, ശാം

5. وَجَعَلَ اللَّيْلَ سَكَنًا എന്നതിൻറെ അർത്ഥം എന്ത്?
☐ രാത്രിയെ അവൻ വീടാക്കിയിരിക്കുന്നു
☐ രാത്രിയെ അവൻ ഉറക്കിനനുയോജ്യമാക്കിയിരിക്കുന്നു
☐ **രാത്രിയെ അവൻ ശാന്തമാക്കിയിരിക്കുന്നു**

6. നിർജീവമായിരുന്ന അവസ്ഥയിൽ നിന്നും ജീവിപ്പിച്ചതിനുശേഷം----ആകുന്ന വെളിച്ചം നൽകി
☐ നേർമാർഗ്ഗം ☐ **ഖുർആൻ** ☐ നബിമാർ

7. യഹൂദികളും............................ഉം പരസ്പരം ബന്ധുമിത്രാദികളാണ്
☐ **ക്രിസ്ത്യാനികൾ** ☐ ജൂതൻമാർ ☐ അവിശ്വാസികൾ

8. بَدِيعُ السَّمَاوَاتِ وَالْأَرْضِ എന്നതിൽ بَدِيعُ എന്ന വാക്കിൻറെ അർത്ഥം എന്ത്
☐ പുതുതായുണ്ടാക്കിയത്
☐ **മുൻ മാതൃകയില്ലാതെ സൃഷ്ടിച്ചത്**
☐ സൃഷ്ടിക്കാൻ തുടങ്ങിയത്

9. ബാഹ്യദൃഷ്ടികൾക്കല്ല അന്ധത ബാധിക്കുന്നത്. പക്ഷെ, .................. നാണ് അന്ധത ബാധിക്കുന്നത്.
☐ ചിന്തകൾക്ക് ☐ ആത്മാവിന് ☐ **ഹൃദയങ്ങൾക്ക്**

10. ഏത് സൂറത്തിന് ശേഷമാണ് അമാനി മൌലവി 'ഖളാ ഖദ്ർ' എന്ന ശീർഷകത്തിൽ വ്യാഖ്യാനക്കുറിപ്പ് നൽകിയിട്ടുള്ളത്
☐ സൂറഃ ബഖറ ☐ സൂറഃ ഖദ്ർ ☐ **സൂറഃ ഹദീദ്**

11. നരകവാസത്തെപ്പറ്റി خَالِدِينَ فِيهَا إِلَّا مَا شَاءَ اللَّـهُ (അവരതിൽ ശാശ്വതരായിരിക്കും – അല്ലാഹു ഉദ്ദേശിച്ചതൊഴികെ) എന്ന വാക്കിൽ ഒഴിവാക്കപ്പെട്ട കാലത്തെപ്പറ്റി "ഖബ്റുകളിൽ നിന്നു എഴുന്നേൽപിക്കപ്പെട്ടതു മുതൽ വിചാരണ കഴിഞ്ഞു നരകത്തിൽ പ്രവേശിക്കുന്നതുവരെയുള്ള കാലമാണു" എന്ന് പ്രസ്താവിച്ച മുഫസ്സിർ
☐ ഇബ് നു കസീർ ☐ **ഇബ് നു ജരീർ** ☐ ഇബ് നു തൈമിയ്യ

12. മക്കയുടെ പേരായി അറിയപ്പെട്ടിട്ടില്ലാത്തത് ഏത്?
☐ ഉമ്മുൽ ഖുറാ ☐ ബലദുൽ അമീൻ ☐ **ബലദുർറഹ് മ**

13. അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടതിനെ പറ്റിയാണ് .........എന്ന് വിശേഷിപ്പിച്ചത്
▢ بِدْعَةٌ ▢ شِرْكٌ ▢ **فِسْقٌ**

14. വേദക്കാർ ഖുർആനിനെ നിഷേധിക്കുവാനുള്ള കാരണമായി 114 -ാം ആയത്തിൻറെ വിശദീകരണത്തിൽ അമാനി മൗലവി പറഞ്ഞ രണ്ട് കാരണങ്ങൾ ഏതൊക്കെ ?
▢ **അസൂയ സ്വാർത്ഥത** ▢ പകയും വിദ്വേഷവും ▢ തന്നിഷ്ടവും പകയും

15. مُسْتَوْدَعٌ എന്ന വാക്കിന്റെ അർത്ഥമെന്ത്?
▢ **സൂക്ഷിക്കുന്ന ഇടം** ▢ തങ്ങുന്ന ഇടം ▢ ഉറച്ചു നിൽക്കുന്ന സ്ഥലം

16. സന്മാർഗത്തിൽ ആക്കുക, വഴി ചേർക്കുക, മാർഗദർശനം നൽകുക തുടങ്ങിയ അർത്ഥങ്ങൾ വരുന്ന വാക്ക്
▢ **ഹിദായത്ത്** ▢ ത്വരീഖ് ▢ മുസ്തഖീം

17. പ്രവാചകത്വം യോഗ്യത കൊണ്ട് ലഭിക്കുന്നതല്ല അല്ലാഹുവിൻറെ ....... കൊണ്ട് ലഭിക്കുന്നതാണ് ?
▢ **കാരുണ്യം** ▢ നീതി ▢ പ്രതിഫലം

18. സംശയപ്പെടരുത് എന്ന് പറഞ്ഞത് പ്രത്യക്ഷത്തിൽ നബി(സ) യോട് ആണെങ്കിലും യഥാർത്ഥത്തിൽ ഉന്നം വെച്ചത് ....... ഉദ്ദേശിച്ചാകുന്നു?
▢ പ്രവാചക പത്നിമാരെ ▢ **ജനങ്ങളെ** ▢ മക്കാ മുശ് രിക്കുകളെ

19. ജിന്നും ശൈത്താനും എന്ന വ്യാഖ്യാനക്കുറിപ്പ് അമാനി മൗലവി നൽകിയത് ഏത് സൂറത്തിന് ശേഷമാണ്
▢ **സൂറത്ത് സ്വാഫാത്ത്** ▢ സൂറത്ത് ജിന്ന് ▢ സൂറത്ത് ബഖറ

20. യഹൂദികൾ .................... നെ അല്ലാഹുവിൻറെ പുത്രനാണെന്ന് വാദിച്ചു.
▢ ഈസാ നബി(അ) ▢ ദാവൂദ് നബി(അ) ▢ **ഉസൈർ**

21. بَصَائِرُ എന്ന പദത്തിൻറെ അർത്ഥം
▢ കാഴ്ചകൾ ▢ കാഴ്ചയുള്ളവൻ ▢ **ഉൾകാഴ്ചകൾ**

22. ഓരോ സമുദായത്തിനും അവരുടെ പ്രവർത്തനം നാം ഭംഗിയാക്കിയിരിക്കുന്നു എന്ന വാക്കിൻറെ താത്പര്യം – ഓരോ സമുദായക്കാരും ................. നല്ലതും വേണ്ടപ്പെട്ടതുമാണെന്ന് അവർക്ക് തോന്നുക എന്നതാണ്.
▢ **ആചരിച്ചുവരുന്ന നടപടിക്രമങ്ങൾ**
▢ ആരാധിക്കുന്ന ദൈവങ്ങൾ
▢ തങ്ങളുടെ മാതാപിതാക്കൾ

23. രാജ്യങ്ങളുടെ മാതാവ് – അഥവാ കേന്ദ്രം – എന്നു വാക്കർത്ഥം വരുന്ന അറബി പദം
▢ **أَمَّ الْقُرَى** ▢ قَرْيَة ▢ الْقُرَى

24. പാപത്തെ കുറിച്ചുള്ള ചോദ്യത്തിന് "തന്റെ മനസ്സിൽ കെട്ടിപ്പിണവുണ്ടാക്കുകയും, ജനങ്ങൾ കണ്ടറിയുന്നതിൽ തനിക്കു അനിഷ്ടം തോന്നുകയും ചെയ്യുന്ന കാര്യമാകുന്നു." എന്ന നബി(സ)യുടെ ഹദീസ് റിപ്പോർട്ട് ചെയ്ത സ്വഹാബി.
▢ അബൂഹുറൈറ (റ) ▢ ആയിശ (റ) ▢ **നവ്വാസുബ്നുസംആൻ (റ)**

25. 'ഒരു മനുഷ്യന്റെ മേലും അല്ലാഹു ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല' എന്നു പറഞ്ഞതു ആരായിരുന്നുവെന്നുള്ളതിൽ ഇബ്നു അബ്ബാസ്, മുജാഹിദ് (رَضِيَ اللهُ عَنْهُمَا), ഇബ്നു ജരീർ, ഇബ്നു കഥീർ (رحمهم الله) മുതലായവർ പറഞ്ഞ അഭിപ്രായം
▢ **മക്കാമുശ് രിക്കുകൾ** ▢ ജൂതൻമാർ ▢ ക്രിസ്ത്യാനികൾ

26. ഓരോ പ്രവാചകന്നും മനുഷ്യരിലും ജിന്നുകളിലും പെട്ട പിശാചുക്കളെ നാം ശത്രുക്കളാക്കിയിട്ടുണ്ട്. .................... മോടിവാക്ക് അവർ അന്യോന്യം ദുർബോധനം ചെയ്യുന്നു.
▢ വിശ്വസിക്കാനായി ▢ **വഞ്ചനയായി** ▢ കളവായി

27. നബി(സ്വ) പറഞ്ഞു തൻറെ മാതാപിതാക്കളെ പഴിച്ചവൻ ശപിക്കപ്പെട്ടിരിക്കുന്നു, ആരാണ് തൻറെ മാതാപിതാക്കളെ പഴിക്കുന്നവൻ
☐ മാതാപിതാക്കളോട് അനുസരണക്കേട് കാണിക്കുന്നവൻ
☐ മാതാപിതാക്കളെ ദ്രോഹിക്കുന്നവൻ
☐ **മറ്റുള്ളവരുടെ മാതാപിതാക്കളെ പഴിക്കുന്നവൻ**

28. അല്ലാഹുവിൻറെ സഹായവും തൗഫീകും സിദ്ധിക്കുക എന്ന അർത്ഥത്തിലുള്ള ഹിദായത്ത് അമാനി മൗലവി വിശദീകരിച്ചത് ഏത് സൂറത്തിലാണ്?
☐ **സൂറത്തുൽ ഫാത്തിഹ** ☐ സൂറത്ത് തൗബ ☐ സൂറത്ത് ആലു ഇംറാൻ

29. مَنْ حَوْلَهَا എന്നു പറഞ്ഞതിൻറെ ഉദ്ദേശം എന്താണ്?
☐ മക്കയുടെ ചുറ്റുഭാഗം ☐ **ലോകം മുഴുവൻ** ☐ സൌദി അറേബ്യ മുഴുവൻ

30. مَا ذُكِرَ اسْمُ الله عَلَيهِ എന്നതുപോലെ ഖുർആനിൽ ഉപയോഗിച്ച മറ്റൊരു വാചകം.
☐ **مَا أُهِلَّ بِهِ** ☐ مَا ذُبِحَ بِهِ ☐ مَا أَكَلَ بِهِ

31. شَيَاطِين എന്ന് ഉപാധി കൂടാതെ ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ ........ നെ ഉദ്ദേശിച്ചായിരിക്കും സൂചിപ്പിക്കുന്നത്
☐ **ജിന്നു പിശാചുക്കൾ** ☐ മനുഷ്യ പിശാചുക്കൾ ☐ ഇബ് ലീസിനെ മാത്രം

32. "എനിക്ക് വഹിയ് ലഭിച്ചിട്ടുണ്ട്. ഞാനും പ്രവാചകനാണ് "എന്ന് വാദിച്ച കള്ളപ്രവാചകൻ ആര്?
☐ **മുസൈലിമത്തുൽ കദ്ദാബ്** ☐ ഉമയ്യത്ത് ബിൻ ഖലഫ് ☐ ഉബയ്യ് ബിൻ സുലൂൽ

33. "അവനെപ്പോലെ ഒരു വസ്തുവും ഇല്ല. അവൻ എല്ലാം കേട്ടറിയുന്നവനാണ്, കണ്ടറിയുന്നവനാണ് "ഇത് ഏത് സൂറത്തിലെ വചനമാണ്?
☐ സൂറത്തു അൻആം ☐ **സൂറത്തു ശൂറാ** ☐ സൂറത്തുൽ ഖിയമഃ

34. 'എത്ര വമ്പിച്ച ദൃഷ്ടാന്തം കണ്ടാലും അവർ വിശ്വസിക്കുകയില്ല; അത്രയും കടുത്തുപോയിട്ടുണ്ട് അവരുടെ ഹൃദയങ്ങൾ 'ആരുടെ?
☐ **മുശ് രിക്കുകളുടെ** ☐ ജൂതൻമാരുടെ ☐ മനുഷ്യൻമാരുടെ

35. ഹിദായത്ത് എന്ന വാക്കിൻറെ അർത്ഥമായി വരാത്തത് ഏതാണ് ?
☐ സന്മാർഗത്തിൽ ആക്കുക ☐ വഴി ചേർക്കുക ☐ **സന്ദേശങ്ങൾ എത്തിക്കുക**

36. സത്യത്തിലും നീതിയിലും പരിപൂർണ്ണമായിരിക്കുന്നതാണ് ........
☐ റബ്ബിന്റെ കാരുണ്യം ☐ **റബ്ബിന്റെ വചനം** ☐ റബ്ബിന്റെ തൃപ്തി

37. (വേണ്ട, നിശ്ചയമായും അവർ, തങ്ങളുടെ റബ്ബിൽ നിന്നു അന്ന് മറയിടപ്പെട്ടവർ തന്നെയായിരിക്കും) എന്ന് അവിശ്വാസികളെക്കുറിച്ച് പ്രസ്താവിച്ചത് ഏത് സൂറത്തിലാണ്.
☐ സൂറത്ത് അൻആം ☐ സൂറത്തുൽ ഹാഖഃ ☐ **സൂറത്തുൽ മുതഫ്ഫിഫീൻ**

38. ابْصَار എന്നത് ഏത് പദത്തിൻറെ ബഹുവചനമാണ്
☐ بَصِيرٌ ☐ **بَصَرٌ** ☐ بَصَائِرٌ

39. സത്യവിശ്വാസവും സന്മാർഗ്ഗവും സ്വീകരിക്കുന്നതിൽ അവർക്കു അനുഭവപ്പെടുന്ന മനഃപ്രയാസത്തിൻറെ കാഠിന്യം ചൂണ്ടിക്കാട്ടുന്ന ഒരു ഉപമയാകുന്നു
☐ **ആകാശത്തിലൂടെ കയറിപ്പോകുന്നതുപോലെ**
☐ ഭൂമിയിലൂടെ സഞ്ചരിക്കുന്നതു പോലെ
☐ ആകാശത്ത് നിന്ന് ഇറങ്ങുന്നതു പോലെ

40. (അല്ലാഹുവിന് അവൻറെ മഹത്വത്തെ അവർ കണക്കാക്കേണ്ട പ്രകാരം കണക്കാക്കിയില്ല) എന്ന വചനം സൂചിപ്പിച്ച സൂറത്തുകൾ
☐ ഹജ്ജ്, സ്വാഫ്ഫാത്ത്, അൻആം
☐ **ഹജ്ജ്, സുമർ, അൻആം**
☐ സ്വാഫ്ഫാത്ത്, ശൂറാ, അൻആം

**II. ഉത്തരമെഴുതുക**

41. അല്ലാഹു അല്ലാത്തവരുടെ നാമം പറഞ്ഞു അറുക്കപ്പെട്ടതും സ്വയം ചത്തതും ആരുടെ നാമവും പറയാതെ അറുക്കപ്പെട്ടതും ഏതു വകുപ്പിൽ ഉൾപ്പെടുന്നു?

**A- അല്ലാഹുവിൻറെ നാമം പറയപ്പെടാത്തത് എന്നതിൽ**

42. وَمَا قَدَرُوا اللَّـهَ حَقَّ قَدْرِهِ إِذْ قَالُوا مَا أَنزَلَ اللَّـهُ عَلَىٰ بَشَرٍ مِّن شَيْءٍ എന്ന വാക്യം എന്തിനെ കുറിച്ചു സംസാരിക്കുന്ന മധ്യേയാണു അല്ലാഹു ഉദ്ദരിച്ചിട്ടുള്ളത്?

**A - അവിശ്വാസത്തെയും, ശിർക്കിനെയും കുറിച്ചു**

43. وَالْمَلَائِكَةُ بَاسِطُو أَيْدِيهِمْ മലക്കുകൾ അവരുടെ കൈകൾ നീട്ടിക്കൊണ്ടിരിക്കും. ഇത് ഏത് മലക്കുകളെ ക്കുറിച്ചാണ് പറഞ്ഞത്?

**A - മനുഷ്യരുടെ മരണസംബന്ധമായ കാര്യങ്ങൾ ഏൽപിക്കപ്പെട്ടിട്ടുള്ള മലക്കുകളെപ്പറ്റിയാണു (മലകുൽ മൌത്ത്)**

44. "അറുക്കുമ്പോൾ ബിസ്മി ചൊല്ലണമെന്ന് നിർബന്ധമില്ല, അത് വേണ്ടപ്പെട്ട കാര്യവും നല്ലതുമാണെന്നേ ഉള്ളൂ" എന്ന് അഭിപ്രായപ്പെട്ട പണ്ഡിതൻ ആര്?

**A - ഇമാംശാഫിഈ (رحمة الله عليه)**

45. അന്ധവിശ്വാസം, സത്യനിഷേധം, ദുർമാർഗം ആദിയായവയെ എന്തിനോടൊക്കെയാണ് ഉപമിക്കാറുള്ളത്?

**A - ഇരുട്ട്, അന്ധത, ബധിരത, നിർജ്ജീവത – അഥവാ മരണം**

**III. പൂരിപ്പിക്കുക**

46. അല്ലാഹുവിൻറെ **രിസാലത്തു** ഏർപ്പെടുത്തേണ്ടത് എവിടെയാണെന്ന് അല്ലാഹുവിന് നല്ലപോലെ അറിയാം.

47. ശബ്ദം ഉയർത്തപ്പെട്ടത് എന്നതിൻറെ അറബി പദമാണ് **مَا أُهِلَّ بِهِ**

48. അപ്രകാരം, ദൃഷ്ടാന്തങ്ങളെ നാം വിവിധ രൂപത്തിൽ വിവരിക്കുന്നു. "നീ **പഠിച്ചുവെച്ചിരിക്കുന്നു**" വെന്നു അവർ പറയുവാൻ വേണ്ടിയും, അറിയാവുന്ന ജനങ്ങൾക്കു ഇതു നാം വിവരിച്ചു കൊടുക്കുവാൻ വേണ്ടിയും (കൂടിയാണത്).

49. **മലക്കുകളെ** പോലെ എല്ലാവരും പരിശുദ്ധരും സത്യവിശ്വാസികളുമായിരിക്കണം (ആരും ശിർക്കു ചെയ്യുന്നവരായിക്കൂടാ) എന്ന് അല്ലാഹു ഉദ്ദേശിച്ചിട്ടില്ല

50. അനുകൂലങ്ങളുടെയും പ്രതികൂലങ്ങളുടെയും സംഘട്ടനത്തിൽ നിന്നും, നല്ലതും ചീത്തയും തമ്മിലുള്ള പോരാട്ടത്തിൽ നിന്നും ഉരുത്തിരിഞ്ഞുണ്ടാകേണ്ടതാണു **യഥാർത്ഥ നന്മ**.

===============